"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ധനകാര്യ (എസ്എൻസി-മെഡിസെപ്പ്) വകുപ്പ്

നമ്പർ. . 2310714/മെഡ് -എൻസി1 /1/2023 24-08-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി
ധനകാര്യ വകുപ്പ്

ഡയറക്ടർ
.......... വകുപ്പ്
.................................

സർ,

വിഷയം:- മെഡിസേപ് പോർട്ടലിൽ അക്കൗണ്ടിംഗ് പൂർത്തീകരിക്കുന്നത് —സംബ.

സൂചന:- (1) G.O(P)No.70/2022/Fin dated, 23/06/2022
(2) G.O (Ms) No.194/2022/Fin dated 29/10/2022
(3) സർക്കുലർ നം. 6/2024/ധന തീയതി 19.01.2024.
(4) സർക്കുലർ നം. 14/2024/ധന തീയതി 11.03.2024.

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതി സംബന്ധിച്ച പ്രീമിയം അടവുകളും സർക്കാരിന് ലഭിച്ച തുകയും സംബന്ധിച്ച അതാത് മാസത്തെ accounting reconciliation statement സൂചന (2) പ്രകാരം അക്കൗണ്ടന്റ് ജനറലിന് അതിനടുത്ത മാസം 10ന് തന്നെ electronically submit ചെയ്യേണ്ടതുണ്ട്. മെഡിസെപ്പുമായി ബന്ധപ്പെട്ട്, ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ ഒടുക്കിയ ഒന്നും രണ്ടും പോളിസി വർഷങ്ങളിലെ പ്രീമിയം തുക, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ലഭിച്ച തുകയേക്കാൾ കൂടുതലാണ്. ഇത് പരിഹരിക്കുന്നതിനായി ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഗുണഭോക്താക്കളുടെ അക്കൗണ്ടിംഗ് എന്നിവ ക്രമീകരിക്കുന്നതിന്റെ ഭാഗമായി മെഡിസെപ് പോർട്ടലിൽ reconciliation ചെയ്യുന്നതിന് സൂചന (3), (4) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, 2022-23 പോളിസി വർഷത്തെ പ്രീമിയം അക്കൗണ്ടുകൾ ക്രമീകരിക്കേണ്ട തീയതി 25.03.2024 ആണെന്ന നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

മെഡിസെപ് പോർട്ടൽ പരിശോധിച്ചതിൽ നിന്നും accounting മോഡ്യൂളിൽ പല വകുപ്പിനു കീഴിലുള്ള ഡിഡിഒ മാരും ജൂലൈ 2022 മുതൽ ജൂൺ 2024 വരെയുള്ള ഒന്നും രണ്ടും പോളിസി കാലയളവിൽ മെഡിസെപ് പ്രീമിയം അക്കൗണ്ടിംഗ് നാളിതുവരെ ഫൈനലൈസ് ചെയ്തിട്ടില്ല. പോർട്ടലിൽ റീകൺസിലിയേഷൻ ചെയ്യുന്നതിന് സഹായകമായി ഏറ്റവും പുതിയ വീഡിയോ

പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത വീഡിയോ കണ്ടതിനു ശേഷം എന്തെങ്കിലും സംശയമുണ്ടെങ്കിൽ, ധനകാര്യ (ഐടി) വകുപ്പിലെ ടോൾ ഫ്രീ നമ്പറായ 1800-425-1857 ലേക്കോ മെഡിസെപ് നോഡൽ സെല്ലിലെ 0417-2517389 ഫോൺ നമ്പരിലേക്കോ സംശയനിവാരണത്തിനായി ബന്ധപ്പെടാവുന്നതാണ്.

മേൽ സൂചനകൾ പ്രകാരം സർക്കാർ കർശന നിർദ്ദേശം നല്കുകയും തുടർന്ന് പൂർത്തീകരിക്കേണ്ട തീയതി നീട്ടി നല്കിയിട്ടും പ്രസ്തുത നടപടി പൂർത്തിയാക്കാതെ വരുത്തുന്ന വീഴ്ചയുടെ ഉത്തരവാദിത്വം അതത് വകുപ്പ് നോഡൽ ഓഫീസർമാർക്കും ആ വകുപ്പിന് കീഴിലെ ഡിഡിഒ മാർക്കുമായിരിക്കും എന്ന് സൂചന (4) ൽ വ്യക്തമാക്കിയിട്ടുണ്ട്. റീകൺസിലിയേഷൻ സംബന്ധിച്ച് ട്രെയിനിംഗ് ആവശ്യമുള്ള പക്ഷം September 5 നകം മെഡിസെപ് നോഡൽ സെല്ലിനെ അറിയിക്കേണ്ടതാണെന്നും ഈ training scheduleനു ശേഷം ട്രെയിനിംഗ് നൽകുന്നതല്ല എന്നും അറിയിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ താങ്കളുടെ വകുപ്പിന് കീഴിലുള്ള എല്ലാ ഡിഡിഒ മാരും മെഡിസെപ് പോർട്ടലിൽ അക്കൗണ്ടിംഗ് ഫൈനലൈസ് ചെയ്തിട്ടില്ലായെങ്കിൽ ആയത് അടിയന്തരമായി ഒക്ടോബർ 1 നകം പൂർത്തിയാക്കേണ്ടതാണ് എന്ന് കർശന നിർദ്ദേശം നല്കേണ്ടതാണ്. മേൽ പറഞ്ഞ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്നത് അതത് ഡിഡിഒ യുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
REVATHY VASUDEVAN NAIR
JOINT SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.